**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 751** **24-02-2022 - ൽ മറുപടിയ്ക്ക്**

**നായാടി വിഭാഗക്കാരുടെ കോളനി വികസനത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നായാടി വിഭാഗക്കാരുടെ കോളനി വികസനത്തിനായി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദ വിവരങ്ങൾ വ്യക്തമാക്കാമോ; | (എ) | വിവരങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു |
| (ബി) | ഗുരുവായൂർ മണ്ഡലത്തിലെ നായാടി വിഭാഗക്കാരുടെ കോളനി വികസനത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കാമോ; | (ബി) | പ്രസ്തുത നിയോജക മണ്ഡലത്തിൽ അകലാട് പട്ടികജാതി കോളനിയിൽ (പുന്നയൂർ പഞ്ചായത്തിൽ) വികസന പ്രവർത്തനങ്ങൾക്കായി ദുർബ്ബല വിഭാഗ പുനരധിവാസം പദ്ധതി പ്രകാരം 64,40,000/- രൂപ അനുവദിച്ചിട്ടുണ്ട്. ടി കോളനിയിലെ 22 വീടുകളിൽ അറ്റകുറ്റപണി നടത്തുവാൻ സാധ്യമായ 17 വീടുകളുടെ പ്രവൃത്തികൾ നടന്നു വരുന്നു. ശേഷിക്കുന്ന 5 വീടുകളിൽ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ട 3 പേർക്ക് പുതിയ ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ട്. വകുപ്പിന്റെ പഠനമുറി, ടോയിലറ്റ് ഗ്രാന്റ് പദ്ധതികളും പ്രസ്തുത കോളനിയിൽ നടപ്പിലാക്കി വരുന്നു. |
| (സി) | ഗുരുവായൂർ മണ്ഡലത്തിൽ നായാടി വിഭാഗക്കാരായ എത്ര കുടുംബങ്ങൾ വീട് ഇല്ലാത്തവരായി ഉണ്ടെന്നും അവരുടെ വീട് നിർമ്മാണത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ? | (സി) | പ്രസ്തുത മണ്ഡലത്തിൽ ഭവനരഹിതരായി 15 നായാടി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളാണ് ഉള്ളത്. ടി കുടുംബങ്ങളിൽ 6 കുടുംബങ്ങൾ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. ആയതിൽ 4 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം | വികസന പദ്ധതി | അനുവദിക്കുന്ന ധനസഹായം |
|---|---|---|
| 1 | കൃഷി ഭൂമി (കുറഞ്ഞത് 25 സെന്റ്) | 10,00,000/- |
| 2 | കമ്മ്യൂണിറ്റി പഠനമുറി (കെട്ടിടം ഉള്ള സ്ഥലങ്ങളിൽ അടിസ്ഥാന സൗകര്യം+ ആവർത്തന ചെലവ്) | 6,80,000/- |
| 3 | കമ്മൂണിറ്റി പഠനമുറി (കെട്ടിടം ഇല്ലാത്ത സ്ഥലങ്ങളിൽ) | കെട്ടിട നിർമ്മാണത്തിന് പ്രൈസ് എസ്റ്റിമേറ്റ് പ്രകാരം + 6,80,000/- അടിസ്ഥാന സൗകര്യം, ആവർത്തന ചെലവുകൾക്ക് |
| 4 | പഠനമുറി (വ്യക്തിഗതം) | 3,00,000/- |
| 5 | കുടിവെള്ളം, വൈദ്യുതി മറ്റ് അടിസ്ഥാന സൗകര്യങ്ങൾ | പ്രൈസ് എസ്റ്റിമേറ്റ് പ്രകാരം |
| 6 | കോളനികളിലെ വീടുകളുടെ നവീകരണം/ബലപ്പെടുത്തൽ | പ്രൈസ് എസ്റ്റിമേറ്റ് പ്രകാരം |
| 7 | വീടിന്റെ അറ്റകുറ്റപ്പണികൾക്ക് (വ്യക്തിഗതം) | 1,50,000/- |
| 8 | ടോയ് ലറ്റ് നിർമ്മാണം | 40,000/- |
| 9 | തൊഴിൽ പരിശീലനം/സ്വയംതൊഴിൽ സംരംഭം | പ്രോജക്ട് റിപ്പോർട്ട് പ്രകാരം വകുപ്പ് ഉദ്യോഗസ്ഥർ പരിശോധിച്ച് ശിപാർശ ചെയ്യുന്ന പ്രകാരമുള്ള തുക |
| 10 | ഭൂരഹിത പുനരധിവാസം (കുറഞ്ഞത് 5 സെന്റ് ഭൂമി വാങ്ങുന്നതിന്) | 5,00,000/- |
| 11 | ഭവന നിർമ്മാണം | 6,00,000/- |

സെക്ഷൻ ഓഫീസർ